ജനുവരി - ഏപ്രിൽ 2008

11 12

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപ്പതിപ്പ്

# ഒരോർമ്മപ്പെടുത്തൽ

ഇ.ഡി. ഡേവിസ്

സാഹിത്യ അക്കാദമി, തൃശൂർ

ദ്രാവിഡ കലാനിരൂപകനും, ബഹുഭാഷാ പണ്ഡിതനും, ആയുർവേദ ഗവേഷകനും, മംഗളോദയം പത്രാധിപരും ആയിരുന്ന വി.എം.കുട്ടികൃഷ്ണ മേനോന്റെ ജന്മശതാബ്ദി വേളയാണിത്. അദ്ദേഹത്തിന്റെ സംഭാവനകളെ അനുസ്മരിക്കുന്നതിനുള്ള ഈ അവസരം ആയുർവേദ അധ്യാപകർപോലും വേണ്ടതുപോലെ ഉപയോഗപ്പെടുത്തി കണ്ടില്ല.

വി.എം.കുട്ടികൃഷ്ണമേനോന്റെ ജന്മശതാബ്ദി എന്തിനാണ് കേരള സാഹിത്യ അക്കാദമി ആഘോഷിച്ചത് എന്നു ചോദിച്ച എഴുത്തുകാരുണ്ട് ഈ നാട്ടിൽ. അതൊരു കുറ്റമായി എടുക്കാനല്ല ഈ വസ്തുത ശ്രദ്ധയിൽ പെടുത്തുന്നത്. അത്തരം പ്രസ്താവനകൾ വിരൽ ചൂണ്ടുന്ന യാഥാർത്ഥ്യം നാം കണക്കിലെടുക്കാതിരുന്നുകൂടാ.

താരമൂല്യമില്ലാത്ത മഹാ പണ്ഡിതന്മാരുടെ പിൽക്കാല സ്ഥിതി അനാദരവിന്റെ ആയിരം കഥകൾ ചേർന്നതാണ്. സമകാലിക സമൂഹത്തിന്റെ ആവശ്യങ്ങൾക്കു മാത്രമായി ജീവിതം മുഴുവൻ നിലകൊണ്ട മഹാരഥന്മാരായ എഴുത്തുകാരുടെ സ്ഥിതിയും വിസ്മൃതിയുടെ അധ്യായമാണ്.

അങ്ങനെ വിസ്മരിക്കപ്പെട്ട ഒരു പണ്ഡിതനാണ് കുട്ടികൃഷ്ണ മേനോൻ. അപ്പൻ തമ്പുരാന്റെ മകനായ അദ്ദേഹം വളരെ ചെറുപ്പം മുതലേ ഭാഷാ സാഹിത്യ സേവനം ആരംഭിച്ചിരുന്നു. താരമൂല്യമില്ലാത്തവരെ വിസ്മരിക്കുന്ന കാലത്തെ പറ്റി അദ്ദേഹത്തിന്റെ തന്നെ ഒരു നിരീക്ഷണമുണ്ട്. ശ്രദ്ധിക്കുക:

"ഒച്ചപ്പാടുണ്ടാക്കുവാൻ വകയില്ലാത്തിടത്ത് പ്രവൃത്തിമാർഗ്ഗത്തിൽ പ്രവേശിക്കുവാൻ സന്നദ്ധരായവർ ഇന്നു വിരളമായി. കർമ്മവും, മനസ്സും വ്യക്തിയിലല്ലാതെ വിഷയത്തിലുറയ്ക്കാതായി. സ്വാർത്ഥത്തിന് സ്ഥാനമില്ലെങ്കിൽ പരാർത്ഥത്തിൽ പങ്കുകൊള്ളേണ്ടെന്നുമായി. കഴമ്പ് അകത്തും പുറത്തുമില്ല. വിചാരത്തിന് ശ്രദ്ധയില്ല. വികാരത്തിന് ആത്മാർത്ഥതയുമില്ല. കാലചക്രത്തിന്റെ ഈ പരിഭ്രമണത്തിനിടയിൽ വ്യക്തിത്വവും യോഗ്യതയും ഗാംഭീര്യവുമെല്ലാം നാമമാത്രങ്ങളായി മറഞ്ഞുപോകുന്നത് കാണുവാനുള്ള കണ്ണുകൾ വല്ലയിടത്തുമുണ്ടായാൽ വലിയ ഭാഗ്യം"

കുട്ടികൃഷ്ണമേനോന്റെ ജീവിതം വിജ്ഞാനതാപസന്റേതായിരുന്നു. പലരുടേയും യശസ്സ് ഇന്ന് സ്ഥാനമഹത്വത്തിന്റെ സമ്മാനമാണ്. എന്നാൽ കുട്ടികൃഷ്ണമേനോന്റേത് അപ്പൻതമ്പുരാന്റേതുപോലെ സ്വപ്രയത്നം കൊണ്ടുള്ള സമ്പാദ്യമാണ്. ബാല്യത്തിൽ തന്നെ കുട്ടികൃഷ്ണമേനോൻ സാഹിത്യസേവനം തുടങ്ങിയതിനെ പറ്റി പറയുന്നതു ശ്രദ്ധിക്കുക "വായിച്ചാൽ കഷ്ടിച്ചു മനസ്സിലാക്കാമെന്ന പ്രായമായതോടുകൂടി അച്ഛന്റെ സാഹിത്യ വ്യവസായങ്ങളിൽ എന്നെയും പങ്കു കൂട്ടുവാൻ തുടങ്ങി.

കലയും വിദ്യയും കാഴ്ചപ്പാടുകളിലൂടെ എന്ന കൃതിയുടെ ആമുഖത്തിൽ ഡോ. സി.ആർ.രാജഗോപാലൻ അദ്ദേഹത്തെ കുറിച്ച് നടത്തുന്ന നിരീക്ഷണം ഇതാണ് : "ആധുനികതയുടെ ജ്ഞാന വ്യവസായത്തിൽ നിന്ന് പുറംതിരിഞ്ഞു നിൽക്കുകയും കാതലുള്ള സംസ്കാര ആരോഗ്യ പഠനങ്ങൾക്ക് നിറവു നൽകുകയും ചെയ്ത ധ്യാനവൈഭവമാണ് വി.എം.കുട്ടികൃഷ്ണ മേനോൻ. മംഗളോദയ

ത്തിന്റെ സാഹിത്യപരിസരത്തു കഴിഞ്ഞിട്ടും രംഗകലയ്ക്കും, ആയുർവേദ ഗവേഷണത്തിനുമാണ് അദ്ദേഹം പ്രാധാന്യം നല്കിയത്." അപ്പൻ തമ്പുരാന്റേത് ജ്ഞാനമണ്ഡലത്തിലും അതിലേറെ കർമ്മമണ്ഡലത്തിലും ആഴത്തിൽ പ്രവർത്തിച്ചിരുന്ന വ്യക്തിത്വമായിരുന്നു. ബഹുമുഖമായ പ്രതിഭാവിലാസം എന്ന് നാം അധികവും പ്രയോഗിയ്ക്കുന്നത് അസ്ഥാനത്താണല്ലോ. അങ്ങനെ ആ വാക്കിന്റെ അർത്ഥം ഇന്നത്തെ സാമ്പാർ പരുവമായി. എന്നാൽ അപ്പൻ തമ്പുരാന്റെ ജീവിതവൃത്തിയെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുമ്പോൾ ആ പദത്തിന്റെ ആഴവും പരപ്പും സമുദ്രോജ്ജ്വലമാകുകയാണ്. ആ വിധത്തിൽ നോക്കുമ്പോൾ അപ്പൻ തമ്പുരാനെപ്പോലെ മകനും മറ്റുള്ളവർ ഇടപെടാത്ത മേഖല നോക്കിയാണ് തന്റെ ബഹുമുഖമായ പ്രതിഭയെ പ്രവർത്തിപ്പിച്ചത്.

തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും, എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം അദ്ധ്യാപകനായും ജോലി നോക്കിയ അദ്ദേഹത്തിന്റെ അദ്ധ്യാപനശാസ്ത്രത്തിലുള്ള ശാസ്ത്രീയ വീക്ഷണവും അവഗാഹവും വെളിപ്പെടുത്തുന്ന പ്രയത്നമാണ് അഷ്ടാംഗ ഹൃദയത്തിന് നിർവ്വഹിച്ച തർജമയും വ്യാഖ്യാനവും. ആധുനിക വൈദ്യശാസ്ത്രവിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് ആയുർവേദ വിദ്യാർത്ഥികൾക്ക് ദഹിക്കുന്നവിധം ആ കൃതിയെ വ്യാഖ്യാനിച്ചു നൽകി. ഒന്നാം പതിപ്പിനെഴുതിയ ആമുഖത്തിൽ അദ്ദേഹം പറയുന്നു : "ആധുനിക രീതിയിലുള്ള ഒരു പാഠ്യഗ്രന്ഥത്തിന്റെ അഭാവം ഇന്നത്തെ ആയുർവേദാഭ്യസനത്തിലെ വലിയൊരു ന്യൂനതയാണ്....

ആധുനിക വൈദ്യശാസ്ത്രത്തിന്റെ പാഠ്യഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം മാർഗ്ഗനിർദ്ദേശവും സംശയപരിഹാരവും മാത്രമേ അദ്ധ്യാപകന് കാര്യമായി ചെയ്യേണ്ടതുള്ളൂ. അവ അത്രത്തോളം സ്പഷ്ടവും, അടുത്ത ഭൂതകാലം വരെ ആവിഷ്കൃതമായിട്ടുള്ള വിജ്ഞാനങ്ങളെ ഉൾക്കൊള്ളുന്നതുമായിരിക്കും." മാത്രമല്ല, കേരള

ത്തിൽ ആര്യവൈദ്യശാസ്ത്രത്തിന് സംഭവിച്ചേക്കാവുന്ന ആത്യന്തിക നാശത്തിൽ നിന്ന് അതിനെ രക്ഷിക്കുവാൻ വേണ്ടി അദ്ദേഹം നിർവ്വഹിച്ച മഹായത്നമാണ് അഷ്ടാംഗഹൃദയത്തിനെ വ്യാഖ്യാനം. ആയുർവേദത്തിന് നിലനിൽപു വേണമെങ്കിൽ അത് ജനസാമാന്യത്തിന്റെ വിജ്ഞാനമണ്ഡലത്തിലേക്ക് ഇറങ്ങിവരിക തന്നെ വേണമെന്നും അദ്ദേഹം ചിന്തിച്ചിരുന്നു. പഠിതാക്കളുടെ പ്രകൃതത്തിനനുസരിച്ചല്ലാതെ രൂപികരിക്കുന്ന പാഠ്യഗ്രന്ഥം നിഷ്ഫലമാണ് രസതന്ത്രവും, ജീവശാസ്ത്രവും, സസ്യശാസ്ത്രവും, ജന്തുശാസ്ത്രവും പഠിച്ചവർക്ക് ആയുർവേദത്തന്റെ പഠനത്തിനിറങ്ങുമ്പോൾ ഉണ്ടാകുന്ന ക്ലേശങ്ങൾ നിരവധിയാണ്. ആയുർവേദത്തിന്റെ ശാസ്ത്രീയത സംബന്ധിച്ചും സംശയങ്ങൾ ഉളവാകുന്നു. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താനാണ് കുട്ടികൃഷ്ണമേനോൻ അഷ്ടാംഗഹൃദയത്തിലൂടെ യത്നിച്ചതെന്ന് മുഖവുരയിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്.

ദ്രാവിഡകലാപഠനങ്ങൾ അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന മേഖലയായിരുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ നടനകലയുടെ വേരുകൾ അന്വേഷിച്ച അദ്ദേഹം നടനകലകളുടെ നരവംശശാസ്ത്രപരമായ പ്രാധാന്യത്തിലേക്ക് സംസ്കാരപഠിതാക്കളുടെ ശ്രദ്ധതിരിച്ചു. അദ്ദേഹം പറയുന്നു: “ഗ്രാമീണനൃത്തങ്ങളെ കുറിച്ചുള്ള അന്വേഷണത്തിൽ ജനങ്ങൾ എവിടെ നിന്നു വന്നു എന്ന് ആദ്യം അന്വേഷിക്കണം. പിന്നീടവരുടെ നൃത്തങ്ങളും കലകളും പഠിക്കണം. ഇതായിരുന്നു എന്റെ സിദ്ധാന്തം.” മദിരാശി സർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യത്തെ ഗവേഷണ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. ഡോ.ചേലനാട്ട് അച്ച്യുതമേനോൻ ആയിരുന്നു ഗൈഡ്. കേരളത്തിന്റെ നടനകല എന്നതായിരുന്നു വിഷയം. അക്കാലത്ത് പടിഞ്ഞാറൻ നടനകല, ഏഷ്യയിലെ നടനകല എന്നീ സ്ക്രിപ്റ്റുകൾ കൂടി അദ്ദേഹം തയ്യാറാക്കുകയുണ്ടായി. എന്നാൽ ആ കയ്യെഴുത്തുപ്രതികൾ വാങ്ങിക്കൊണ്ടുപോയി മറ്റൊരാൾ ഡോക്ടറേറ്റ് നേടിയ കഥ പ്രസിദ്ധമാണ്. അപ്പൻ തമ്പുരാനാണ് ഈ വിഷയം തെരഞ്ഞെടുക്കാൻ മകനോട് നിർദ്ദേശിച്ചത്. കേരളത്തിലെ ആദ്യത്തെ

നാടോടി കലാ പ്രദർശനം സംഘടിപ്പിച്ച അദ്ദേഹം കേരളീയ ഗ്രാമീണ നൃത്തങ്ങൾക്ക് കുമാരമന്ദിരത്തിൽ ശില്പശാലയും സംഘടിപ്പിച്ചിരുന്നു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്ന കാലത്ത് ശൂരനാട്ട് കുഞ്ഞൻ പിള്ളയും, കുട്ടനാട്ട് രാമകൃഷ്ണ പിള്ളയും സഹപാഠികളായിരുന്നു.

കേരളത്തിലെ നടനകലയെക്കുറിച്ച് അന്വേഷിച്ചുപോയ അദ്ദേഹം കേരളീയമായ നരവംശ ശാസ്ത്രത്തെ വികസിപ്പിക്കുക കൂടിയായിരുന്നു. നടനകലയുടെ വഴിപിടിച്ചുപോയാൽ മനുഷ്യസംസ്കാരത്തിന്റെ പരിണാമങ്ങളെ അളക്കാൻ സാധിക്കുമെന്ന് അദ്ദേഹം തെളിയിച്ചു. നടനകലയെ ആസ്പദമാക്കി നരവംശ ശാസ്ത്രത്തെ വികസ്വരമാക്കാനും, അതിൽ നിന്ന് കേരളീയരുടെ വർഗ്ഗസ്വത്വത്തെ കണ്ടുപിടിക്കാനും അദ്ദേഹം നടത്തിയ യത്നങ്ങൾ ഇന്നും അത്ഭുതാദരവ് ഉണർത്തുന്നതാണ്. എന്നാൽ ഈ വിധമുള്ള അന്വേഷണങ്ങൾക്ക് വേണ്ടതുപോലെ തുടർച്ചയുണ്ടായിട്ടില്ലെന്നത് ഖേദകരമാണ്.

അവസാനകാലത്ത് കുട്ടികൃഷ്ണമേനോന് ഉണ്ടായ ചില ഉത്കണ്ഠകൾ കൂടി പങ്കുവലെക്കട്ടെ. "ഇന്ന് ചിന്തകൾക്ക് സ്ഥാനമില്ല. കലാ പ്രവർത്തനത്തിൽ യാതൊരാത്മാർത്ഥതയുമില്ല. സ്വാത്മാവിനെ കുറിച്ചുമാത്രം താൽപ്പര്യമുണ്ട്. പ്രതിഫലമില്ലാതെ പണിയെടുത്തിരുന്ന എത്ര ചിന്തകർ നമുക്ക് ഉണ്ടായിരുന്നു. ഉള്ളൂർ സാഹിത്യ ചരിത്രം എഴുതിയത് എന്തു പ്രതിഫലം ഇച്ഛിച്ചിട്ടാണ്? ഇന്ന് സാങ്കൽപ്പിക പോരാട്ടം മാത്രമേയുള്ളൂ. ഉള്ളിൽ തോന്നിയ പ്രചോദനം കൊണ്ടാണ് അവരെഴുതിയത്. അപ്രകാരമൊരു സാസ്കാരിക പ്രചോദനം ആധുനിക കാലത്തുണ്ടോ?

ജന്മശതാബ്ദി വേളയിലെങ്കിലും അദ്ദേഹത്തിന്റെ ഓർമ്മപുതുക്കുവാനോ അദ്ദേഹത്തിന്റെ പഠനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാനോ കേരളം തയ്യാറാവാത്തതിനുള്ള കാരണവും അദ്ദേഹത്തിന്റെ ഈ നിരീക്ഷണത്തിൽ ഉൾക്കൊണ്ടിരി ക്കുന്നു എന്നതാണ് യാഥാർത്ഥ്യം.


AHSRC, Kottakkal
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം